**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5417** **21-03-2025 - ൽ മറുപടിയ്ക്ക്**

**കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെ സ്റ്റോർ/പർച്ചേസ് മാനേജർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെ സ്റ്റോർ/പർച്ചേസ് മാനേജർ തസ്തികയിലേയ്ക്കുള്ള ആദ്യ നിയമനം ഏത് കമ്മ്യൂണിറ്റിക്ക് അനുവദിക്കപ്പെടുമെന്ന് വ്യക്തമാക്കാമോ; | (എ) | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെ സ്റ്റോർ/പർച്ചേയ്സ് മാനേജർ തസ്തികയ്ക്ക് പി.എസ്.സി റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലില്ല. പബ്ലിക് സർവ്വീസ് കമ്മീഷന്റെ റൊട്ടേഷൻ വ്യവസ്ഥകൾക്ക് അനുസരിച്ചാണ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നത്. ആയതിനാൽ തന്നെ ആദ്യ നിയമനം ഏത് കമ്മ്യൂണിറ്റിക്ക് നല്കമെന്നുള്ളത് മുൻകൂട്ടി നിർവ്വചിക്കുവാൻ സാധിക്കുകയില്ല. |
| (ബി) | പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും 2027-നുള്ളിൽ എത്ര ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | ഫെഡറേഷന്റെ റിക്രൂട്ട്മെന്റ് റൂൾസ് അനുസരിച്ച് സ്റ്റോർ/പർച്ചേയ്സ് മാനേജർ തസ്തിക പ്രൊമേഷൻ വഴി നികത്തേണ്ട തസ്തികയാണ്. പ്രൊമോഷന് യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തപക്ഷം മാത്രം ആയത് പി.എസ്.സി വഴിയും നികത്തുന്നതാണ്. എന്നാൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ഒരു സ്റ്റോർ/പർച്ചേയ്സ് മാനേജർ തസ്തികയിൽ നിലവിൽ ഒഴിവുകൾ ഇല്ലാത്തതിനാൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.<br><br>നിലവിൽ മാനേജർ (പർച്ചേയ്സ്) - ആയി തുടരുന്ന ഉദ്യോഗസ്ഥൻ 2027 വർഷത്തിനുള്ളിൽ വിരമിക്കുന്നില്ല. കൂടാതെ ടി തസ്തികയുടെ എൻട്രി കേഡറായ സ്റ്റോർ/പർച്ചേയ്സ് ഓഫീസർ തസ്തികയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് 3 തസ്തികയുള്ളതിൽ പി.എസ്.സി. വഴി നിയമിതനായ ഒരു ഉദ്യോഗസ്ഥൻ നിലവിലുള്ളതും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള 2 ഒഴിവുകളിലേക്ക് പി.എസ്.സി. പുതുക്കിയ റാങ്ക് ലിസ്റ്റ് പുറപ്പെടുവിച്ചിട്ടുമുള്ളതുമാണ്. |
| (സി) | മിൽമയിലെ പ്രസ്തുത തസ്തികയിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനിലെ സ്റ്റോർ/ പർച്ചേസ് മാനേജർ തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് | (സി) | ഫെഡറേഷന്റെ റിക്രൂട്ട്മെന്റ് റൂൾസ് അനുസരിച്ച് സ്റ്റോർ/പർച്ചേയ്സ് മാനേജർ തസ്തിക പ്രൊമേഷൻ വഴി നികത്തേണ്ട തസ്തികയാണ്. പ്രൊമോഷന് യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തപക്ഷം |

| | | | |
|---|---|---|---|
| | തന്നെയാണോ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | മാത്രം ആയത് പി.എസ്.സി വഴിയും നികത്തുന്നതാണ്. ആയതുകൊണ്ടു തന്നെ യോഗ്യരായ ഉദ്യോഗസ്ഥർ പ്രൊമോഷന് ഇല്ലാതെ വരുന്ന പക്ഷം ആയത് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |
| (ഡി) | പ്രസ്തുത ഒഴിവുകൾക്ക് സാധ്യതയുള്ള കാര്യാലയങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | സ്റ്റാഫ് പാറ്റേൺ അനുസരിച്ച് സ്റ്റോർ/പർച്ചേയ്സ് മാനേജർ തസ്തിക ഫെഡറേഷൻ ഹെഡ് ആഫീസിലാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ